മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അതിലെ വാചകം ഏതു വിഷയത്തെപ്പറ്റി ആയിരുന്നു എന്നു പറയാമോ?

Mr. P. Nilakanta Menon.—Sir, may I read the article?

President.—Yes.

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ആർട്ടിക്കിൾ ഇതാണു്.

"ഗവമ്മെണ്ടിനെ കാക്കപിടിക്കുന്നു."

(കഷ്കതൊഴിലാളി)

തൊഴിലാളി മർദ്ദകനെന്നു നാടെങ്ങും നാറിയ അഴീക്കോടൻ മുതലാളി—അതേ, നമ്മുടെ രണ്ടുലക്ഷം കടക്കാരൻതന്നെ—തന്റെ അക്രമങ്ങൾക്കു് ഒരു തണൽ കിട്ടുന്നതിനായി ഒരു പുതിയ വിദ്യ കണ്ടുപിടിച്ചിരിക്കുന്നു. കഷ്കപ്രക്ഷോഭണത്തിലെ സിവിൽ നിയമലംഘനത്തിൽ പങ്കെടുക്കാഞ്ഞതാണു് കഷ്കതൊഴിലാളിക്കും മറ്റും തന്നോടു പകയ്ക്കു കാരണമെന്നു് അദ്ദേഹം ചില "ഗട്ടർ പ്രസ്സുകളിൽ" എഴുതിച്ചു കാണുന്നു. ഗട്ടർ പ്രസ്സുകാരനു് ഈ ഇനത്തിലുള്ള ആദായം അൻപതു രൂപാമാത്രമാണെന്നു സൂക്ഷ്മമായറിയുന്നു. എന്നാൽ നമ്മുടെ മർദ്ദകൻ കഷ്കപ്രക്ഷോഭണഫണ്ടിലേക്കു സാരമായ പല സംഖ്യകൾ കൊടുത്തിട്ടുള്ളതു് ഈ നാട്ടുകാർക്കെല്ലാം അറിയാം. ഇങ്ങിനെ കണ്ണടച്ചു് ഇരുട്ടാക്കിയാൽ എന്തു ചെയ്യും? അക്രമികളുടെ ഇത്തരം കാക്കപിടിത്തങ്ങളിൽ ഗവമ്മെണ്ടു കുടുങ്ങാതിരുന്നാൽ മർദ്ദിതരായ തൊഴിലാളികളുടെ ഭാഗ്യമെന്നേ പറയേണ്ടു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇങ്ങിനെ വല്ല കാക്കപിടുത്തവും ഉണ്ടായിട്ടുണ്ടെന്നു ഗവമ്മെണ്ടിനു് അറിവുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എം ഇബ്രാഹിം.—ഉണ്ടോ എന്നു അന്വേഷിക്കുകയുണ്ടായോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—എഴുത്തുകാരൻ ആരാണെന്നറിഞ്ഞാൽ ചോദിക്കാമായിരുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇതിൽ പറഞ്ഞ സംഗതിയെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—എഴുത്തുകാരൻ ആരാണെന്നറിഞ്ഞാൽ അന്വേഷിക്കാമായിരുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇതിലെ സംഗതികളെന്താണെന്നു മനസ്സിലായിട്ടുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—മനസ്സിലായിട്ടില്ല. വെറുതെ കണ്ണടച്ചുകൊണ്ടു ചീത്തപറയുന്നതുതന്നെ കച്ചവടം.

Non-payment of stipend to a Depressed Class pupil.

332. മിസ്റ്റർ കെ. പി. വള്ളോൻ.—ഇരിവപേരൂർ ഗവമ്മെണ്ടു ഇൻഡസ്ട്രിയൽ സ്കൂളിൽ പഠിച്ചിരുന്ന പേങ്ങൻ എന്ന അധഃകൃ

LIBRARY ARCHIVES Kerala Legislative Assembly

തവിദ്യാത്ഥിക്ക് ഗവമ്മെണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള സ്റ്റൈപ്പെണ്ട് കിട്ടിയിട്ടില്ലെന്നുള്ള ആവലാതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു ചെയ്തു?

രാമവമ്മതമ്പുരാൻ—ടിയാനു കൊടുത്തുവരുന്ന ഫീഡിങ്ങ് ചാർജ്ജ് നു.ക്കു പകരം ഒ കു. പ്രകാരമുള്ള സ്പെഷ്യൽ സ്റ്റൈപ്പെണ്ട് കിട്ടേണ്ടതാണെന്നു് ഒരു ഹർജ്ജി ബോധിപ്പിച്ചിട്ടുണ്ടായിരുന്നു. ടിയാനോടു് കോട്ടൻ ഹോസ്റ്റലിൽ ചേർന്നു പഠിപ്പാൻആവശ്യപ്പെട്ടിട്ടു് അതിനു് വഴിപ്പെടാഞ്ഞതുകൊണ്ടു് ഒ കു. പ്രകാരമുള്ള സ്പെഷ്യൽ സ്റ്റൈപ്പെണ്ടു് അനുവദിക്കുന്നതല്ലെന്നു മറുപടി കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്കു സ്പെഷ്യൽ സ്റ്റൈപ്പെൻറു് കൊടുക്കാറുണ്ടോ?

രാമവമ്മതമ്പുരാൻ—ഹോസ്റ്റലിൽ ചേർന്നിട്ടുള്ള കുട്ടികൾക്കു സ്റ്റൈപ്പെൻറു കൊടുക്കാറില്ല; ഭക്ഷണം മാത്രമേയുള്ളു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഹോസ്റ്റലിൽ ചേർന്നിട്ടുള്ള് അളുകൾക്കു് feeding charge അല്ലാതെ വേറെ ഒന്നും കൊടുക്കാറില്ലേ?

രാമവമ്മതമ്പുരാൻ.—ഈ ഇനത്തിൽ പറയുന്ന കായ്ത്തിനു് വേറെ സ്റ്റൈപ്പെൻറില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്കു് ഒ കു. വീതം സ്പെഷ്യൽ സ്റ്റൈപ്പെൻറു കൊടുത്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഹോസ്റ്റലിൽ ചേർന്നാൽ അതു ചിലവു സക്കാരിനുണ്ടാകയില്ല. അതുകൊണ്ടാണു് ഹോസ്റ്റലിൽ ചേരുവാൻ പറയുന്നതു്. ആ കുട്ടി ചേരാതിരുന്നതുകൊണ്ടു് സ്റ്റൈപ്പെൻറു കൊടുത്തിട്ടില്ല.

മിസ്റ്റർ എ. ശങ്കരപുത്തുവാൾ.—എന്താണു് ആ കുട്ടിക്കു് ചേരുവാൻ വിരോധം?

രാമവമ്മതമ്പുരാൻ—നിശ്ചയമില്ല.

Percentage of passes at the School Final and Third Form Examinations.

333. Mr. Paul Mampilli.—Will the Government be pleased to state:—

(a) the percentage of passes in the State in the last S. S. L C. and III Form examinations ;

(b) the percentage of passes in the Sirkar High School, Narakkal, in the said examinations ;

(c) how many teachers were transferred from Narakkal High School during the last academical year; what are the dates of their transfers and the classes from which such transfers were made ;

LIBRARY ARCHIVES Kerala Legislative Assembly